വിദ്യാഭ്യാസ അവകാശം

സർവശിക്ഷാഅഭിയാൻ
സർവരും പഠിക്കുക സർവരും വളരുക

**സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ കാര്യാലയം**

**എസ്.എസ്.എ.ഭവൻ, നന്ദാവനം, തിരുവനന്തപുരം - 695 033, കേരളം**

ഫോൺ : 0471-2320826, 2320352 | ഫാക്സ് : 0471-2320703 | ഇ-മെയിൽ : ssakerala@gmail.com | വെബ്സൈറ്റ് : www.keralassa.org

നമ്പർ: പി-1/2015/2013/എസ്.എസ്.എ. തിയതി : 24.05.2014

*പ്രേക്ഷിതൻ*

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ
എസ്.എസ്.എ., കേരളം

*സ്വീകർത്താവ്*

എല്ലാ ജില്ലാ പ്രോജക്ട് ഓഫീസർമാർക്കും

സാർ,

വിഷയം : എസ്.എസ്.എ. - പ്രവേശനോത്സവം 2014-15 - സംബന്ധിച്ച് :

2014-15 ലെ പ്രവേശനോത്സവം **ജൂൺ 2 തിങ്കളാഴ്ച രാവിലെ 10 ന് മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി തൃക്കളം ഗവ.എച്ച്.എസ്സ്-ൽ**-വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രവേശനോത്സവത്തോടനുബന്ധിച്ച് ജില്ല ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളെക്കുറിച്ചുള്ള മാർഗ്ഗരേഖ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. നിർദ്ദേശങ്ങൾ നടപ്പിലാക്കി പ്രവർത്തന പുരോഗതി രേഖാമൂലം നല്കേണ്ടതാണ്.

വിശ്വസ്തതയോടെ

***ഒപ്പ്/-***

**സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർക്കുവേണ്ടി**

RKB

# പ്രവേശനോത്സവം

## 2014-15

## മാർഗരേഖ

സർവ്വ ശിക്ഷാ അഭിയാൻ, കേരളം

2014-15 വർഷത്തെ പ്രവേശനോത്സവം ജൂൺ 2-ാം തിയ്യതി നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഈ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം **ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ. പി.കെ. അബ്ദുറബ്ബിന്റെ അധ്യക്ഷതയിൽ മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി തൃക്കളം ഗവ.എച്ച്.എസ്സ്-ൽ വച്ച് ബഹു. കേരള വ്യവസായ, ഐ.ടി. വകുപ്പുമന്ത്രി ശ്രീ.കുഞ്ഞാലിക്കുട്ടി ഉദ്ഘാടനം ചെയ്യുന്നു.**

പ്രവേശനോത്സവം വിജയിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ഇതോടൊപ്പം പുറപ്പെടുവിക്കുന്നു.

- പ്രവേശനോത്സവം വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പ്രചരണാർത്ഥം നടത്തുന്ന ശ്രദ്ധേയമായ പ്രവർത്തനമായതിനാൽ എല്ലാതലങ്ങളിലും ജനപങ്കാളിത്തം ഉറപ്പാക്കാൻ ബന്ധപ്പെട്ടവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
- പ്രവേശനോത്സവ ഗാനം സംസ്ഥാന ഓഫീസ് ചിട്ടപ്പെടുത്തിയിട്ടുണ്ട്. സി.ഡി. ജില്ലകളിൽ മെയ് 28-ന് ലഭ്യമാകും. സ്കൂൾ തലത്തിൽ പ്രവേശനോത്സവ ഗാനം ആലപിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.
- പ്രവേശനോത്സവത്തോടനുബന്ധിച്ച് എല്ലാ വിദ്യാലയങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികളേയും രക്ഷാകർത്താക്കളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള വിളംബര ജാഥ നടത്തേണ്ടതാണ്. വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ സന്ദേശങ്ങൾ പ്രദർശിപ്പിക്കുന്ന പ്ലക്കാർഡുകൾ, ബാനർ എന്നിവ ഇതിൽ ഉപയോഗപ്പെടുത്തേണ്ടതാണ്.
- ബാനറിന്റെ മാതൃക സംസ്ഥാന ഓഫീസിൽ നിന്നു നൽകുന്നതാണ്. (6x3 feet) ബാനറുകൾ, പ്രവേശനോത്സവ ഗാനത്തിന്റെ സി.ഡി ബ്ലോക്ക് റിസോഴ്സ് സെന്റർ തലത്തിൽ പ്രിന്റ് ചെയ്ത് ഒരു സ്കൂളിന് ഒന്ന് എന്ന ക്രമത്തിൽ നൽകേണ്ടതാണ്. ഇതിന് സ്കൂൾ ഒന്നിന് 200 രൂപ പ്രകാരം ബി.ആർ.സി.കൾക്ക് വിനിയോഗിക്കാവുന്നതാണ്.
- സംസ്ഥാന ഓഫീസ് തയ്യാറാക്കുന്ന പോസ്റ്റർ ജില്ലാതലത്തിൽ അച്ചടിച്ച് വിതരണം ചെയ്യേണ്ടതാണ്. സി.ഡി. ജില്ലകൾക്ക് നൽകുന്നതാണ്. ഓരോ സ്കൂളിനും 5 പോസ്റ്ററുകളും ജില്ലാ പ്രോജക്ട് ഓഫീസ്, ഡി.ഡി.ഇ. ഓഫീസ്, ഡയറ്റ്, ഡി.ഇ.ഒ. ഓഫീസ്, എ.ഇ.ഒ. ഓഫീസുകൾ, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് തുടങ്ങിയ സ്ഥാപനങ്ങൾക്ക് ഓരോ പോസ്റ്റർ വീതവും നൽകേണ്ടതാണ്. 2 എണ്ണം സ്റ്റേറ്റ് ഓഫീസിൽ എത്തിക്കേണ്ടതുമാണ്. പോസ്റ്ററുകൾ ക്രൗൺ സൈസ്, മൾട്ടികളർ, മാപ്ലിത്തോ ഫൈൻ പേപ്പറിൽ സർക്കാർ പ്രസ്സിൽ അച്ചടിച്ച് 30.05.2013-നു മുമ്പ് വിതരണം ചെയ്യേണ്ടതാണ്.
- എസ്.എം.സി / പി.ടി.എ. പ്രസിഡന്റിനും, എം.പി.ടി.എ പ്രസിഡന്റിനും പ്രഥമാധ്യാപകനും, എസ്.ആർ.ജി കൺവീനർക്കും **പരിരക്ഷയുടെ പാഠങ്ങൾ** എന്ന ബുക്ക്ലെറ്റ് നൽകേണ്ടതാണ്. മെയ് 24- ന് ജില്ലകളിൽ ലഭ്യമാവുന്ന മാറ്റർ (ബുക്ക്ലെറ്റിന്റെ സൈസ് 1/8 മാപ്പ് ലിത്തോ പേപ്പർ, കവർ ആർട്ട് പേപ്പറിൽ) ആവശ്യമായ എണ്ണം തിട്ടപ്പെടുത്തി **FMP മാനുവൽ** പ്രകാരം കഴിവതും സർക്കാർ പ്രസ്സിൽ പ്രിന്റ് ചെയ്ത് പ്രവേശനോത്സവത്തിന് മുമ്പെ തന്നെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിന്റെ 2 പകർപ്പ് സ്റ്റേറ്റ് ഓഫീസിൽ നൽകേണ്ടതാണ്.
- പ്രവേശനോത്സവദിനത്തിൽ പരിരക്ഷയുടെ പാഠങ്ങൾ എന്ന കൈപുസ്തകത്തിന്റെ പ്രകാശനം എല്ലാ സ്കൂളിലും നിർവ്വഹിക്കണം. കുടാതെ വിദ്യാഭ്യാസ മന്ത്രിയുടെ പ്രഥമദിന സന്ദേശം ഹെഡ്മാസ്റ്റർമാർ വായിക്കേണ്ടതാണ്.

- സംസ്ഥാനതലത്തിൽ കഴിഞ്ഞ വർഷം തയ്യാറാക്കി വിതരണം ചെയ്ത പാനലുകൾ (Viny ലിൽ പ്രിന്റ് ചെയ്തത് മൗണ്ട് ചെയ്യുകയോ സ്റ്റാർ ഫ്ളക്സ് പ്രിന്റ് ചെയ്തത് - സൈസ് - ഡബിൾ ഡെമ്മി). ബി.ആർ.സി.തലത്തിലും ജില്ലാതലത്തിലും ഈ വർഷവും പ്രദർശിപ്പിക്കേണ്ടതാണ്.
- സംസ്ഥാനത്തൊട്ടാകെ ഒരേ രീതിയിലുള്ള പോസ്റ്ററും ബാനറും പാനലും പ്രദർശി പ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളതിനാൽ എല്ലാ ജില്ലകളും സംസ്ഥാന ഓഫീസിൽ നിന്നു ലഭിക്കുന്ന സി.ഡി.യിലെ മാതൃക മാത്രം ഉപയോഗിക്കേണ്ടതാണ്.
- പ്രവേശനോത്സവം ഡോക്യുമെന്റ് ചെയ്യേണ്ടതാണ്. ഫോട്ടോ, വീഡിയോ, പത്ര കട്ടിം ഗുകൾ, നോട്ടീസ് എന്നിവ ഡോക്യുമെന്റേഷനിൽ ഉൾപ്പെടും. പ്രവേശനോത്സവ ത്തിന്റെ സമഗ്രത ഉൾക്കൊള്ളുന്ന ദൃശ്യങ്ങൾക്കൊപ്പം വിളംബരജാഥയുടെയും ദൃശ്യ ങ്ങൾ കൃത്യമായി ഉൾപ്പെടുത്തിയിരിക്കണം. പോസ്റ്റർ, ബാനർ, പാനലുകൾ എന്നിവ യുടെ പ്രദർശനവും ബുക്ക്‌ലെറ്റുകളുടെ വിതരണവും ഉൾപ്പെടുത്തണം. **എഴുതി തയ്യാ റാക്കിയ വിവരണവും (ചിത്രങ്ങൾ സഹിതം) 10 മിനിട്ടിൽ കവിയാതെയുള്ള വീഡിയോ ഡോക്യുമെന്റേഷൻ സോഫ്റ്റ് കോപ്പിയും ഹാർഡ് കോപ്പിയും ജൂൺ മാസം 15-ാം തിയ്യതി നൽകേണ്ടതാണ്.** ജില്ലാതലത്തിൽ 5000 രൂപയും ബി.ആർ.സി. തലത്തിൽ 2000 രൂപയും ഇതിനായി ചെലവഴിക്കാവുന്നതാണ്.
- പ്രവേശനോത്സവവുമായി ബന്ധപ്പെട്ട ചെലവുകൾ കമ്യൂണിറ്റി മൊബിലൈസേഷൻ ഹെഡിൽ നിന്നും വഹിക്കേണ്ടതാണ്. രക്ഷിതാക്കൾക്കുള്ള കൈപ്പുസ്തകം അച്ചടി ക്കുന്നതിന് FSTB ശീർഷകത്തിൽ നിന്നും തുക വിനിയോഗിക്കണം.
- എല്ലാ എൽ.പി./ യു.പി. സ്കൂളുകൾക്കും 500 രൂപാ നിരക്കിൽ പ്രവേശനോത്സവ ത്തിന്റെ നടത്തിപ്പിനായി കമ്യൂണിറ്റി മൊബിലൈസേഷൻ ഹെഡിൽ നിന്നും സ്കൂളു കൾക്ക് നൽകണം. തുക കുട്ടികൾക്കായി **പ്രവേശനോത്സവ കിറ്റ്, ഘോഷയാത്ര ഒരുക്കങ്ങൾ, കുട്ടികൾക്ക് മധുര വിതരണം** എന്നിവയ്ക്കായി സ്കൂളുകൾക്ക് ഉപയോ ഗിക്കാം. ആവശ്യമായ അധിക തുക എൽ.എസ്.ജി കൾ, സന്നദ്ധ സംഘടനകൾ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ സ്കൂളുകൾ സമാഹരിക്കേണ്ട താണ്. ***(ഒന്നാം ക്ലാസിലെ ഓരോ കുട്ടിയ്ക്കും നൽകുന്ന പ്രവേശനോത്സവ കിറ്റിൽ ക്രയോൺസ്, പെൻസിൽ, റബ്ബർ, നെയിംസ്ലിപ്, ചിത്രപുസ്തകം, മിഠായികൾ, ബലൂൺ തുടങ്ങിയവ ഉണ്ടാകണം)***
- എല്ലാ ബി.ആർ.സി.കളിലും മേയ് 30 നകം എച്ച്.എം.കോൺഫറൻസ് ചേരുകയും സ്കൂൾ/ ബി.ആർ.സി.തല പ്രവേശനോത്സവത്തിന്റെ സംഘാടനത്തിന് കൃത്യമായ ധാരണ രൂപപ്പെടുത്തേണ്ടതുമാണ്. ബാനർ, കൈപ്പുസ്തകം, പ്രവേശനോത്സവ ഗാന ത്തിന്റെ സി.ഡി. എന്നിവ ഈ യോഗത്തിൽ സ്കൂളുകൾക്ക് വിതരണം ചെയ്യണം.
- മേൽ സൂചിപ്പിച്ച പ്രവർത്തനങ്ങളുടെ പുരോഗതി റിപ്പോർട്ട് 30.05.2014-ന് മുമ്പ് സംസ്ഥാന പ്രോജക്ട് ഡയറക്ടറെ നേരിട്ട് അറിയിക്കേണ്ടതാണ്.

*ഒപ്പ്/-*

**സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർക്കുവേണ്ടി**
**സർവ്വ ശിക്ഷാ അഭിയാൻ, കേരളം**